**Lalith Babu**

**കൈപ്പറ്റ് രസീറ്റ് തപാൽ മുഖേന ആവശ്യമുള്ള അപേക്ഷകർ സ്വന്തം മേൽവിലാസം എഴുതിയ പോസ്റ്റ് കവർ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യു ആ വിവരം അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കണം**

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (എ. ആർ. 13) വകുപ്പ്

സർക്കുലർ

നമ്പർ. 19754/എ. ആർ. 13(2)/04/ഉ.ഭ.പ.വ. തിരുവനന്തപുരം, 2005 ജനുവരി 1.

വിഷയം:- സർക്കാർ ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകൾക്ക് കൈപ്പറ്റ് രസീത് നൽകണമെന്നത് സംബന്ധിച്ച്

സൂചന:- 1. 7-12-1995 -ാം തീയതിയിലെ 2124/ഡി2/95/ഉ.ഭ.പ.വ. നമ്പരിലുള്ള സർക്കുലർ.

2. 4-1-2001 -ലെ ബഹു. ഹൈക്കോടതിയുടെ ഒ.പി. 25679/2000-ലെ വിധിന്യായം.

3. 1-4-2002 -ാം തീയതിയിലെ 1730/ഡി2/2002/ഉ.ഭ.പ.വ. നമ്പർ സർക്കുലർ.

പൊതുജനങ്ങളിൽ നിന്നും സർക്കാർ ഓഫീസുകളിൽ ലഭിക്കുന്ന പരാതികൾ, നിവേദനങ്ങൾ, അപേക്ഷകൾ തുടങ്ങിയവയ്ക്ക് ആയത് കിട്ടിയാലുടൻ കൈപ്പറ്റ് രസീത് നൽകണമെന്ന് സൂചന ഒന്നിലെ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിരുന്നു. എന്നാൽ പ്രസ്തുത നിർദ്ദേശം എല്ലാ വകുപ്പുകളും കൃത്യമായി പാലിക്കപ്പെടുന്നില്ലായെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനാൽ സൂചന മൂന്നിലെ സർക്കുലർ പ്രകാരം ടി സർക്കാർ നിർദ്ദേശം കർശനമായി പാലിക്കണമെന്ന് വീണ്ടും നിഷ്കർഷിച്ചിരുന്നു.

തുടർന്നും ഇതു സംബന്ധിച്ച് നിരവധി പരാതികൾ പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന പശ്ചാത്തലത്തിൽ എല്ലാ വകുപ്പുകളോടും താഴെ പ്രതിപാദിച്ചിരിക്കുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കാൻ ഇതിനാൽ നിർദ്ദേശിച്ചുകൊള്ളുന്നു.

(i) സർക്കാർ ഓഫീസുകളിൽ (പോലീസ് സ്റ്റേഷനുകൾ ഉൾപ്പെടെ) പൊതുജനങ്ങൾ നേരിട്ട് നൽകുന്ന പരാതികൾ, നിവേദനങ്ങൾ, അപേക്ഷകൾ തുടങ്ങിയവയ്ക്ക് ബന്ധപ്പെട്ട ഓഫീസുതന്നെ നിശ്ചിത മാതൃകയിൽ തയ്യാറാക്കിയ ഫോറത്തിൽ ഓഫീസ് സീലോടുകൂടി കൈപ്പറ്റ് രസീത് നൽകേണ്ടതാണ്.

(ii) **തപാലിൽ നൽകുന്ന അപേക്ഷകൾ, പരാതികൾ, നിവേദനങ്ങൾ മുതലായവയ്ക്ക് കൈപ്പറ്റ് രസീത് ആവശ്യമുണ്ടെങ്കിൽ പരാതിക്കാരൻ സ്വന്തം മേൽവിലാസമെഴുതിയ പോസ്റ്റ് കവർ പരാതിയോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കണം അക്കാര്യം അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതുമാണ്.**

(iii) **മേൽ പ്രസ്താവിച്ച പ്രകാരം പൊതുജനങ്ങൾ നേരിട്ടോ തപാലിലോ നൽകുന്ന പരാതികൾ, അപേക്ഷകൾ, നിവേദനങ്ങൾ തുടങ്ങിയവയ്ക്ക് കുറഞ്ഞത് മൂന്ന് ദിവസത്തിനകം കൈപ്പറ്റ് രസീത് നല്കിയിരിക്കണം. ഇക്കാര്യത്തിൽ വീഴ്ച വരുത്തിയാൽ ബന്ധപ്പെട്ട സെക്ഷൻ സൂപ്രണ്ടും പരാതി കൈകാര്യം ചെയ്യുന്ന ക്ലാർക്കും ഉത്തരവാദികളായിരിക്കുന്നതാണ്.**

വകുപ്പ് അധ്യക്ഷൻമാർ ഇക്കാര്യത്തിൽ അവരവരുടെ വകുപ്പിന്റെ കീഴിലുള്ള എല്ലാ ആഫീസർമാർക്കും പ്രത്യേകം നിർദ്ദേശം നൽകേണ്ടതും മേൽ നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തിയെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

മേൽ നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ പൊതുജനങ്ങൾക്ക് അവരുടെ പരാതികൾ, അപേക്ഷകൾ, നിവേദനങ്ങൾ തുടങ്ങിയവയുടെ കൈപ്പറ്റ് രസീത് ആവശ്യപ്പെടാവുന്നതാണ്.

ഡോ. കെ. എം. എബ്രഹാം,

*സെക്രട്ടറി (എ. ആർ.).*